**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2487**

**07.02.2019- ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങൾ വഴി സ്വയംതൊഴിൽ വായ്പ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി. അബ്ദുറഹിമാൻ** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ** (ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ വഴി നിലവിൽ സ്വയം തൊഴിൽ വായ്പ അനുവദിക്കുന്നുണ്ടോ; എങ്കിൽ ഇതിനുള്ള മാനദണ്ഡങ്ങൾ അറിയിക്കുമോ; | (എ) സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ, ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ, ബൈലാ വ്യവസ്ഥ പ്രകാരം വായ്പ നൽകുന്ന മറ്റ് പ്രാഥമിക സഹകരണ സംഘങ്ങൾ, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയിൽ നിന്നും സ്വയം തൊഴിൽ വായ്പകൾ അനുവദിക്കുന്നുണ്ട്.<br>അതാത് സംഘങ്ങളുടെ നിയമാവലി വ്യവസ്ഥകൾകൾക്കും, സഹകരണ സംഘം രജിസ്ട്രാറുടെ കാലാകാലങ്ങളിലുള്ള സർക്കുലർ നിർദ്ദേശങ്ങൾക്കും അനുസൃതമായിട്ടാണ് സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ സ്വയം തൊഴിൽ വായ്പ നൽകി വരുന്നത്. |
| (ബി) സഹകരണ സംഘങ്ങളുടെ സഹായത്തോടെ കൂടുതൽ തൊഴിൽ അവസരം സൃഷ്ടിക്കപ്പെടുന്നതിനായി സ്വയം തൊഴിൽ വായ്പയും സഹായങ്ങളും നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്തെ കുടുംബശ്രീ/SHG/JLG യൂണിറ്റുകൾക്ക് സംരംഭക വായ്പയായും, പ്രോജക്ട് ലോണായും യൂണിറ്റുകളുടെ സമ്പാദ്യത്തെ അടിസ്ഥാനപ്പെടുത്തിയോ അവർ സമർപ്പിക്കുന്ന പ്രോജക്ടിനെ അടിസ്ഥാനപ്പെടുത്തിയോ സ്വയം തൊഴിൽ വായ്പകൾ നൽകി വരുന്നുണ്ട്. |
| (സി) വിദേശത്ത് നിന്നും മടങ്ങി വരുന്നവർക്ക് അവരുടെ തൊഴിൽ പരിചയത്തിന്റെ അടിസ്ഥാനത്തിൽ നാട്ടിൽ തൊഴിൽ കണ്ടെത്തുന്നതിനും സംരംഭങ്ങൾ ആരംഭിക്കുന്നതിനുമുള്ള പദ്ധതി സഹകരണ | (സി) പ്രവാസികളുടെ പുനരധിവാസത്തിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) സ്കീം പ്രകാരം സഹകരണ ബാങ്കുകൾ വഴി വായ്പ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നോർക്ക |

| | |
|---|---|
| സംഘങ്ങൾ വഴി നടപ്പിലാക്കുമോ; വിശദാംശം അറിയിക്കുമോ? | റൂട്ട്സുമായി ധാരണ പത്രം ഒപ്പിടുന്നതിന് കേരള സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയ്ക്കും, ആയതിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ കൂടി ഉൾപ്പെടുത്തുന്നതിന് എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)-മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാരിന്റെ നോർക്ക വകുപ്പ് വഴി നടപ്പിലാക്കി വരുന്ന NDPREM പദ്ധതി കാർഷിക ഗ്രാമ വികസന ബാങ്കിലും നടപ്പിലാക്കി വരുന്നു. വിദേശങ്ങളിൽ നിന്ന് മടങ്ങി വരുന്നവർക്ക് പ്രവാസിമിത്ര എന്ന വായ്പാ പദ്ധതി വഴി കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് വായ്പ നൽകിവരുന്നുണ്ട്. നോർക്കാ റൂട്ട്സ് വഴി ആവിഷ്കരിച്ച വായ്പാ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ മലപ്പുറം, കണ്ണൂർ ജില്ലാ സഹകരണ ബാങ്കുകളിൽ നടന്നുവരുന്നു. |

**സെക്ഷൻ ഓഫീസർ**